**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 540** **23-02-2022 - ൽ മറുപടിയ്ക്ക്**

**കേരളാ ആട്ടോമൊബൈൽ ലിമിറ്റഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ആറാലുംമൂട് പ്രവർത്തിക്കുന്ന കേരളാ ആട്ടോമൊബൈൽ ലിമിറ്റഡിൽ പുതിയതായി ഏതൊക്കെ പ്രോജക്ട് ആണ് നടപ്പാക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ പുതിയതായി ആരംഭിക്കുന്ന പ്രോജക്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു. 1) ഇലക്ട്രിക് ഓട്ടോയുടെ അസംബ്ലിംഗിനായി കണ്ണൂർ പിണറായിയിൽ കേരള ആട്ടോമൊബൈൽസിന്റെ അസംബ്ലിംഗ് യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി. 2) ലോർഡ്സ് മാർക്ക് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്ന് ഇലക്ട്രിക് സ്കൂട്ടർ നിർമ്മിക്കുന്നതിനായി ഒരു ജോയിന്റ് വെൻചർ കമ്പനി ആരംഭിക്കുന്ന പദ്ധതി. 3) ഇലക്ട്രിക് ഓട്ടോ, ഇലക്ട്രിക് റിക്ഷ, ഇലക്ട്രിക് സ്കൂട്ടർ എന്നിവയുടെ നിർമ്മാണത്തിനായി കേരള ആട്ടോ-മൊബൈൽസ് ലിമിറ്റഡിന്റെ ആറാലുംമൂട് സ്ഥിതി ചെയ്യുന്ന ഫാക്ടറി നവീകരിക്കുന്ന പദ്ധതി. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന് 2021-22 സാമ്പത്തിക വർഷത്തിൽ എത്ര തുക വിവിധ ആവശ്യങ്ങൾക്കായി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | കോവിഡ് - 19 മൂലമുണ്ടായ പ്രതിസന്ധി തരണം ചെയ്ത് കമ്പനിയുടെ പ്രവർത്തനം നിലനിർത്തുന്നതിനായി 200 ലക്ഷം രൂപയും ഇ -ലാംസ് മുഖേന34 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2 കോടി 34 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം സർക്കാർ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ